**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.901** **04.03.2020-ൽ മറുപടിക്ക്**

**നിയമലംഘനം നടത്തുന്ന തൊഴിലുടമകൾക്കെതിരെ നടപടി**

**ചോദ്യം** **മറുപടി**

ശ്രീ.വി.ടി. ബൽറാം :

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) 2019 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്തെ ബ്രാന്റഡ് വസ്ത്ര സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിയിരുന്നോ;

(എ) നടത്തിയിരുന്നു. പരിശോധനകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പരിശോധനകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 12 |
| 2. | കൊല്ലം | 3 |
| 3. | ആലപ്പുഴ | 2 |
| 4. | പത്തനംതിട്ട | 5 |
| 5. | കോട്ടയം | 8 |
| 6. | ഇടുക്കി | 5 |
| 7. | എറണാകുളം | 17 |
| 8. | തൃശ്ശൂർ | 9 |
| 9. | പാലക്കാട് | 7 |
| 10. | മലപ്പുറം | 13 |
| 11. | കോഴിക്കോട് | 25 |
| 12. | വയനാട് | 4 |
| 13. | കണ്ണൂർ | 32 |
| 14. | കാസറഗോഡ് | 1 |

(ബി) എങ്കിൽ പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്-1960, മിനിമം വേതന നിയമം-1948, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്(നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്)ആക്റ്റ്-1958, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്റ്റ് -1961, കേരള ഷോപ്പ്സ് &

| | | | |
|---|---|---|---|
| | | | കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് -2006 എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകളും ചട്ടങ്ങളും പ്രകാരമുള്ള നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | തൊഴിലാളികൾക്ക് ഇരിപ്പിടം നൽകണമെന്ന വ്യവസ്ഥ പോലും നിഷേധിക്കുന്ന തൊഴിൽ ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (സി) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിടം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നെന്ന് ഉറപ്പു വരുത്തുന്നതിനായി നിരവധി പരിശോധനകളും ക്രോസ് ഇൻസ്പെക്ഷനുകളും നടത്തിയിട്ടുണ്ട്. കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് ഇരിപ്പിടസൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ 2350 പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിൽ നിയമലംഘനങ്ങൾ പരിഹരിക്കാത്തതിനാൽ തൃശ്ശൂർ ജില്ലയിൽ 2 പ്രോസിക്യൂഷനുകളും എറണാകുളം ജില്ലയിൽ 4 പ്രോസിക്യൂഷനുകളും ഫയൽ ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ പരിശോധന നടത്തിയതിൽ ഇരിപ്പിട സൗകര്യം ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ടി സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.